വാഹന നികുതി വർദ്ധനവ് പുഃനപരിശോധിക്കാൻ നടപടി

75 (1274) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോഴത്തെ മോട്ടോർ വാഹന നികുതി വർദ്ധന പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

പുനഃപരിശോധിക്കാൻ കഴിയില്ല.

മോട്ടോർ വാഹനങ്ങളുടെ നികുതി വർദ്ധന

76 (1275) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹനങ്ങളുടെ നികുതി എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) ഏറ്റവും ഒടുവിൽ നികുതി വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബസ്സുകളുടെ നികുതി 1-10-2001-ൽ വർദ്ധിപ്പിച്ചു. കൂടാതെ ടൂവീലറുകളും ഓട്ടോറിക്ഷയും ഒഴികെയുള്ള മറ്റു വാഹനങ്ങളുടെ നികുതി വർദ്ധന 1-7-2003 മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഏറ്റവുമൊടുവിൽ 1-4-1998-ൽ ആണ് വാഹന നികുതികൾ മൊത്തത്തിൽ പരിഷ്ക്കരിച്ചത്. അതിനുശേഷം 1-10-2001-ൽ ബസ്സുകൾക്കു മാത്രം ടാക്സ് വർദ്ധിപ്പിക്കുകയുണ്ടായി.

വാഹനങ്ങളിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നതു തടയാൻ നടപടി

77 (1276) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ അനധികൃതമായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളിൽ അനധികൃതമായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന ചട്ടത്തിലെയും നിയമത്തിലെയും വ്യവസ്ഥകളനുസരിച്ച് അവയുടെ പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിനോ, സസ്പെൻഡു ചെയ്യുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുവാൻ എല്ലാ ആർ. ടി. ഓമാർക്കും ജോയിന്റ് ആർ. ടി. ഓമാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്കാഡ്, ഇത്തരത്തിൽ അനധികൃതമായി മണ്ണെണ്ണ വാഹനങ്ങൾക്കു വിൽക്കുന്ന പെട്രോൾ പമ്പുകളിൽ പരിശോധന നടത്തി കേസെടുത്തിട്ടുണ്ട്.

ഓട്ടോറിക്ഷകൾക്ക് ഡിജിറ്റൽ ഫെയർ മീറ്റർ മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ നടപ്പാക്കാൻ നടപടി

78 (1277) ശ്രീ. മഞ്ഞളാംകുഴി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ ഫെയർ മീറ്റർ സ്ഥാപിക്കുന്ന നടപടി സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ പരീക്ഷണാർത്ഥം ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഓട്ടോറിക്ഷകളിലെ മെക്കാനിക്കൽ ഫെയർ മീറ്ററുകൾ മാറ്റി പകരം ഡിജിറ്റൽ ഫെയർ മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 9/2003 തീയതി 15-3-2003 പ്രകാരം സംസ്ഥാനത്ത് ഓടുന്ന എല്ലാ ഓട്ടോറിക്ഷകളിലും ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവു പുറപ്പെടുവിക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ ഡിജിറ്റൽ ഫെയർ മീറ്റർ ഘടിപ്പിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മീറ്ററുകൾ, കമ്പോളത്തിൽ സുലഭമല്ലാത്തതിനാൽ ഈ സംവധാനം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കമ്പോളത്തിൽ ഇവയുടെ ലഭ്യതയനുസരിച്ച് ഈ വ്യവസ്ഥ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതാണ്.

(ബി) മേൽപ്പടി ഉത്തരവ് പ്രകാരം ഓട്ടോറിക്ഷകൾ പുതുതായി രജിസ്റ്റർ ചെയ്യാൻ വരുമ്പോൾ ഇവ ഘടിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ പഴയ ഓട്ടോറിക്ഷകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാൻ വരുന്ന മുറയ്ക്ക് മെക്കാനിക്കൽ ഫെയർ മീറ്ററുകൾ മാറ്റി ഡിജിറ്റൽ ഫെയർ മീറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly